# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജനുവരി 20**

---

## ഡോ. കെ.എം. കൃഷ്ണൻ വൈക്കം മുഹമ്മദ് ബഷീർ ചെയർ പ്രഫസർ

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ സ്കൂൾ ഓഫ് ലെറ്റേഴ്സിലെ വൈക്കം മുഹമ്മദ് ബഷീർ ചെയർ പുനഃസംഘടിപ്പിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സ് മുൻ ഡയറക്ടറും സീനിയർ പ്രഫസറുമായിരുന്ന ഡോ. കെ.എം. കൃഷ്ണനാണ് പുതിയ ചെയർ പ്രഫസർ.*

*സർവകലാശാല സിൻഡിക്കേറ്റിലും അക്കാദമിക് കൗൺസിലിലും അംഗം, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, ഡീൻ, എം.ജി സർവകലാശാലയിലും കേരള കലാമണ്ഡലത്തിലും റിസർച്ച് ഗൈഡ് എന്നീ നിലകളിലും ഡോ. കൃഷ്ണൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്.*

*അധ്യാപന, ഗവേഷണ മേഖലകളിൽ മൂന്നര പതിറ്റാണ്ടിലേറെ പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം സാഹിത്യ നിരൂപകൻ, ഗ്രന്ഥകാരൻ, വിവർത്തകൻ എന്നീ നിലകളിലും ശ്രദ്ധേയ സംഭാവനകൾ നൽകിയിട്ടുണ്ട്.*

*മഹാത്മാ ഗാന്ധി സർവകലാശാലയിൽ 1994ൽ സ്ഥാപിച്ച വൈക്കം മുഹമ്മദ് ബഷീർ ചെയറിന്റെ പ്രഥമ ചെയർ പ്രഫസർ പ്രശസ്ത ഭാഷാ ശാസ്ത്രജ്ഞനും ബഷീർ വിവർത്തകനുമായിരുന്ന റൊണാൾഡ് ഇ ആഷറായിരുന്നു. പിന്നീട് ജയന്ത് മഹാപാത്ര, സൂസി താരു എന്നിവരും ഈ പദവി വഹിച്ചു. സ്കൂൾ ഓഫ് ലെറ്റേഴ്സിലെ അധ്യാപകനായ ഡോ. ഹരികുമാർ ചങ്ങമ്പുഴയാണ് ചെയറിന്റെ പുതിയ കോ-ഓർഡിനേറ്റർ.*

*ബഷീർ ചെയറിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ചുമതലയേറ്റശേഷം ഡോ. കെ.എം. കൃഷ്ണൻ പറഞ്ഞു.*

ഫോട്ടോ ക്യാപ്ഷൻ...

*ഡോ. കെ.എം. കൃഷ്ണൻ*

*(പി.ആർ.ഒ/39/1230/2025)*

## പ്രാക്ടിക്കൽ

*മൂന്നാം സെമസ്റ്റർ ബിവോക്ക് റിന്യൂവബിൾ എനർജി മാനേജ്മെന്റ്, റിന്യൂവബിൾ എനർജി ടെക്നോളജി ആന്റ് മാനേജ്മെന്റ് (പുതിയ സ്കീം 2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 27 മുതൽ കാലടി ശ്രീ ശങ്കര കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ*

.............................

*ഒന്നാം സെമസ്റ്റർ ബിഎസ്സി ഇലക്ട്രോണിക്സ് കമ്പ്യൂട്ടർ മെയിന്റനൻസ് ആന്റ് ഇല്ക്ട്രോണിക്സ് (സിബിസിഎസ് പുതിയ സ്കീം- 2023 അഡമിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അ്ഡമിഷനുകൾ റീഅപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് - ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 28 ന് മാറമ്പള്ളി എം.ഇ.എസ് കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.............................

*മൂന്നാം സെമസ്റ്റർ എംഎസ്സി സൈബർ ഫോറൻസിക്ക് സിഎസ്എസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് ഒക്ടോബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജനുവരി 29 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1231/2025)*

## പരീക്ഷ തീയതി

*ഒന്നാം സെമസ്റ്റർ സിബിസിഎസ്എസ് (2013 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒന്നാം സെമസ്റ്റർ സിബിസിഎസ്എസ് ബിഎസ്സി സൈബർ ഫോറൻസിക്ക് (2017, 2018 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് സെപ്തംബർ 2024) പരീക്ഷകൾ ഫെബ്രുവരി അഞ്ചിന് ആരംഭിക്കും. ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1232/2025)*

## <u>പരീക്ഷാ ഫലം</u>

*മൂന്നും നാലും സെമസ്റ്റർ എംകോം പ്രൈവറ്റ് രജിസ്ട്രേഷൻ (2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2014, 2015 അഡ്മിഷനുകൾ മെഴ്സി ചാൻസ് ഡിസംബർ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണ യത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി മൂന്നു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

.............................

*ഒന്നു മുതൽ ആറു വരെ സെമസ്റ്ററുകൾ ബിഎ, ബിഎസ്സി, ബികോം ( അദാലത്ത് സ്പെഷ്യൽ മെഴ്സി ചാൻസ് 1998-2008 അഡ്മിഷനുകൾ വൊക്കേഷണൽ മോഡൽ 2 ജൂലൈ 2024) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി മൂന്നു വരെ ഓൺ ലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1233/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**